**ഇലക്ഷൻ അടിയന്തിരം**

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം- 695033

## സർക്കുലർ

നമ്പർ : ബി1/33870/ 2020/സം.തി.ക.

തീയതി : 11.01.2021

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - പൊതുതിരഞ്ഞെടുപ്പ് 2020 – സ്ഥാനാർത്ഥികളുടെ ചെലവ് കണക്ക് സമർപ്പിക്കുന്നത്- സംബന്ധിച്ച്.

ഒരു തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ഏതൊരു സ്ഥാനാർത്ഥിയും തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിക്കുന്ന തീയതി മുതൽ 30 ദിവസത്തിനുള്ളിൽ തന്റെ തിരഞ്ഞെടുപ്പ് ചെലവുകളുടെ ഒരു കണക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണെന്നും പ്രസ്തുത 30 ദിവസ കാലാവധി അവസാനിച്ചാലുടൻ, കഴിയുന്നതും വേഗം പ്രസ്തുത ഉദ്യോഗസ്ഥൻ തനിക്ക് ലഭിച്ച തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്കുകൾ, തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്കുകൾ സമർപ്പിക്കാതിരുന്ന സ്ഥാനാർത്ഥികളുടെ ഒരു ലിസ്റ്റ് സഹിതം കമ്മീഷൻ നിശ്ചയിക്കുന്ന ഉദ്യോഗസ്ഥന് എത്തിച്ചുകൊടുക്കേണ്ടതാണെന്നും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 86 -ാം വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 142 വകുപ്പും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ സ്ഥാനാർത്ഥികളുടെ ചെലവ് കണക്ക് സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 2020 ലെ പൊതുതിരഞ്ഞെടുപ്പിൽ മത്സരിച്ച സ്ഥാനാർത്ഥികൾ അവരുടെ തിരഞ്ഞെടുപ്പ് ചെലവ് കണക്ക് നിശ്ചിത പ്രൊഫോർമയിൽ ( ഫാറം എൻ 30 ) 2021 ജനുവരി 14 നകമാണ് ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥർ മുമ്പാകെ സമർപ്പിക്കേണ്ടത്. ഇപ്രകാരം ചെലവുകണക്ക് സമർപ്പിച്ചതായുള്ള രസീത് ഫാറം നമ്പർ എൻ.29 -ൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ സ്ഥാനാർത്ഥികൾക്ക് നൽകേണ്ടതാണ്.
2. ഗ്രാമ പഞ്ചായത്തിലേക്ക് മത്സരിച്ച സ്ഥാനാർത്ഥികളുടെ ചെലവ് കണക്ക് സ്വീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരെയും ബ്ലോക്ക് പഞ്ചായത്തിലേക്ക് മത്സരിച്ച സ്ഥാനാർത്ഥികളുടെ ചെലവ് കണക്ക് സ്വീകരിക്കുന്നതിന് ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാരെയും ജില്ലാ പഞ്ചായത്ത് , മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയിലെ സ്ഥാനാർത്ഥികളുടെ

'ജനഹിതം' , റ്റി.സി.27/6(2), വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം -695 033,

ഫോൺ : 0471-2325048,2337884,Fax:0471-2338288,e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in

ചെലവ് കണക്ക് സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാരെയുമാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അധികാരപ്പെടുത്തിയിട്ടുള്ളത്.

3. മേൽപ്പറഞ്ഞ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ തങ്ങൾക്ക് ലഭിക്കുന്ന ഫാറം എൻ 30 ലെ ചെലവ് കണക്കും ബന്ധപ്പെട്ട വൗച്ചറുകളും പരിശോധിക്കേണ്ടതും അത്തരത്തിൽ ചെലവ് കണക്ക് സമർപ്പിച്ചവരുടെ വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് ഫാറം എൻ 28 -ൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ എത്രയും പെട്ടെന്ന് ലഭ്യമാക്കേണ്ടതുമാണ്.
4. തിരഞ്ഞെടുപ്പിൽ മത്സരിക്കുകയും നിശ്ചിത സമയപരിധിക്കകത്ത് ചെലവ് കണക്ക് സമർപ്പിക്കാതിരിക്കുകയും ചെയ്ത സ്ഥാനാർത്ഥികളുടെ വിവരവും (ഫാറം 6-ൽ കൊടുത്തിട്ടുള്ള മേൽ വിലാസ സഹിതം) മേൽപ്പറഞ്ഞ ഫാറം നമ്പർ 28-ൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ സമർപ്പിക്കേണ്ടതാണ്.
5. തദ്ദേശ തിരഞ്ഞെടുപ്പിൽ മത്സരിച്ച സ്ഥാനാർത്ഥികൾ തിരഞ്ഞെടുപ്പ് ചെലവ് കണക്ക് നിശ്ചിത പ്രൊഫോർമയിൽ ജനുവരി 14 നകം ബന്ധപ്പെട്ട അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർക്ക് സമർപ്പിക്കാൻ പത്രക്കുറിപ്പിലൂടെ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ അറിയിപ്പ് നൽകേണ്ടതാണ്.

എ.സന്തോഷ്
സെക്രട്ടറി

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ & ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും

പകർപ്പ്:-

എല്ലാ വരണാധികാരികൾക്കും
എല്ലാ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെ സെക്രട്ടറി മാർക്കും
സ്റ്റാന്റിംഗ് കൗൺസിൽ, എറണാകുളം
എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
പബ്ലിക്ക് റിലേഷൻസ് ഓഫീസർ
കമ്മീഷണറുടെ സി.എ/സെക്രട്ടറിയുടെ സി.എ
കമ്പ്യൂട്ടർ പ്രോഗ്രാമർ, ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

'ജനഹിതം' , റ്റി.സി.27/6(2), വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം -695 033
ഫോൺ : **0471-2325048 (Administration), 2337884 (Election)**
**e-mail:cru.sec@kerala.gov.in, electionker@gmail.com**
**website:www.sec.kerala.gov.in**